# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2856 10/05/2017 ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ സ്ഥലംമാറ്റം**

ചോദ്യം
ശ്രീ. ടി. എ. അഹമ്മദ് കബീർ

ഉത്തരം
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ്,നിയമസഭ തുടങ്ങിയവ ഒഴികെ മറ്റ് വകുപ്പിലെ ജീവനക്കാരെ അവരവരുടെ താമസസ്ഥലമുള്ള ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിൽ ട്രാൻസ്ഫർ ചെയ്യുന്നതുമൂലം ജീവനക്കാരുടെ മാനസികവും ധനപരവും സേവനപരവുമായ കാര്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതിന് പരിഹാരമായി ഒഴിവുകൾ വരുന്ന മുറയ്ക്ക് താമസസ്ഥലമുള്ള ജില്ലകളിൽ തന്നെ പരമാവധി ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 25/02/2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർ നൽകുന്ന ഓപ്ഷന്റെയും സ്റ്റേഷൻ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിലും മുൻഗണനാ വിഭാഗത്തിന്റെ പരിരക്ഷ ഉറപ്പാക്കിക്കൊണ്ടുമാണ് സ്ഥലംമാറ്റം നടത്തിവരുന്നത്. ജില്ലാടിസ്ഥാനത്തിലുള്ള നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് നിശ്ചിത കാലയളവിൽ നിയമനം ലഭിക്കുന്ന ജില്ലയിൽ തന്നെ തുടരേണ്ടിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ